# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2249 — 05/12/2018-ൽ മറുപടിക്ക്

## കിടപ്പ് രോഗികളുടെ പരിചരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ജോയി** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) |
| എ) | കിടപ്പ് രോഗികളുടെ പരിചരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ ശയ്യാവലംബരായ രോഗികളുടെ പരിചരണത്തിനായി സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് മൂന്ന് തലങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പാലിയേറ്റീവ് കെയർ നേഴ്സിന്റെ നേതൃത്വത്തിൽ ഗൃഹസന്ദർശം നടത്തി ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വനപരിചരണം നൽകുന്ന പ്രൈമറി കെയർ, ആശുപത്രികളിൽ ഡോക്ടർമാരുടെയും പാലിയേറ്റീവ് കെയർ സ്റ്റാഫ് നഴ്സിന്റെയും നേതൃത്വത്തിൽ നൽകുന്ന സെക്കണ്ടറി സാന്ത്വനപരിചരണം, ജില്ലകൾ കേന്ദ്രീകരിച്ച് പരിശീലനവും സ്പെഷ്യലൈസ്ഡ് പരിചരണവും നൽകുന്ന ടെർഷ്യറികെയർ എന്നിവയാണ് സാന്ത്വനപരിചരണത്തിന്റെ മൂന്ന് തലങ്ങൾ. ഇതിനുപുറമേ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ സാന്ത്വനപരിചരണത്തിനായി ഒരു സ്റ്റാഫ് നേഴ്സിന്റെയും ഫിസിയോ തെറാപ്പിസ്റ്റിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | വർക്കല മണ്ഡലത്തിൽ പ്രത്യേക പരിഗണനയും ചികിത്സയും ആവശ്യമുള്ള കിടപ്പ് രോഗികളുടെ എണ്ണം എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; | ബി) | വർക്കല മണ്ഡലത്തിൽ പ്രത്യേക പരിചരണവും ചികിത്സയും ആവശ്യമുള്ള നിലവിലെ കിടപ്പുരോഗികളുടെ എണ്ണം.<br>1. സ്പെഷ്യൽ നഴ്സിംഗ് കെയർ ആവശ്യമായ രോഗികൾ - 116<br>2. ഫിസിയോ തെറാപ്പി ആവശ്യമായ രോഗികൾ - 81<br>(2018 നവംബർ 30 വരെ ആരോഗ്യ വകുപ്പിൽ ലഭ്യമായ കണക്കുകൾ പ്രകാരം) |

| | |
|---|---|
| സി) വർക്കല മണ്ഡലത്തിലെ കിടപ്പ് രോഗികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ? | സി) ആരോഗ്യ വകുപ്പിൽ ലഭ്യമായ (2018 നവംബർ 30 വരെയുള്ളത്) കണക്കുകൾ പ്രകാരം കിടപ്പുരോഗികളായി വർക്കല മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>മടവൂർ - 282, വർക്കല – 332, ഇടവ – 104, വെട്ടൂർ - 228, തോണിപ്പാറ (ഇലകമൺ) - 136, പള്ളിക്കൽ - 107, നാവായിക്കുളം - 215, ചെമ്മരുതി - 235. |

സെക്ഷൻ ഓഫീസർ